# മെട്രോ സൈക്കിൾ സൂപ്പർ ഹിറ്റ്

സ്വന്തം ലേഖകൻ

കൊച്ചി: കുതിച്ചു പായുന്ന മെട്രോയ്ക്കൊപ്പം പരിസ്ഥിതി സൗഹൃദ ഗതാഗത സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെഎംആർഎൽ അവതരിപ്പിച്ച സൗജന്യ സൈക്കിൾ സർവീസ് സൂപ്പർ ഹിറ്റ്.

പ്രവർത്തനം ആരംഭിച്ച് രണ്ടു മാസത്തോടടുക്കുമ്പോൾ 750 ലേറെ ആളുകൾ മെട്രോ സൈക്കിളിൽ നഗരം ചുറ്റി. 1200 പേരാണ് സൈക്കിൾ സവാരിയെ ഇഷ്ടപ്പെട്ട് ക്ലബിൽ അംഗത്വമെടുത്തത്.

മെട്രോ ആദ്യഘട്ടം ഉദ്ഘാടനം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് സൗജന്യ സൈക്കിൾ സവാരി പദ്ധതിയും കെഎംആർഎൽ ആരംഭിച്ചത്. ചെറിയ ദൂരത്തിന് സൈക്കിൾ എന്നതാണ് ആശയം.




മെട്രോ സൈക്കിൾ.

മേനക, സൗത്ത് റെയിൽവേ സ്റ്റേഷൻ, നോർത്ത് റെയിൽവേ സ്റ്റേഷൻ, കലൂർ- കടവന്ത്ര റോഡ് എന്നിവിടങ്ങളിലാണ് പദ്ധതി ആദ്യം നടപ്പാക്കിയത്. യാഥാർഥ്യമായതോടെ പ്രതീക്ഷിച്ചതിലും അധികം ആളുകളാണ് മെട്രോ സൈക്കിൾ സർവീസുമായി സഹകരിച്ചത്.

സൈക്കിൾ കുറവാണെന്നതാണ് ഏക ന്യൂനത. നാലിടങ്ങളിലായി 50 സൈക്കിൾ മാത്രമാണുള്ളത്.

സൈക്കിൾ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നവർ സൈക്കിൾ ക്ലബ്ബിൽ അംഗത്വമെടുക്കണം. ഇതിനായി പ്രാഥമിക വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യണം.

ഓരോ തവണ സൈക്കിളെടുക്കുമ്പോഴും തിരിച്ചുവയ്ക്കുമ്പോഴും ഫോണിൽ സന്ദേശമയയ്ക്കണം. ഇഷ്ടമുള്ള സ്ഥലത്തു നിന്ന് സൈക്കിളെടുക്കാം. തിരിച്ച് റാക്കിൽ വയ്ക്കുമ്പോൾ സൈക്കിൾ പൂട്ടിയെന്ന് ഉറപ്പിക്കുകയും വേണം.

മാസം 100 മണിക്കൂർ ഓരോരുത്തർക്കും സൈക്കിൾ ഉപയോഗിക്കാം.

നഗരം ചുറ്റിയടിക്കുന്നതിനിടെ സൈക്കിളിന് കേടുപാട് സംഭവിച്ചാൽ നഷ്ടപരിഹാരം നൽകേണ്ടതിന്റെ ഉത്തരവാദിത്തം റാക്കിൽ നിന്ന് സൈക്കിളെടുത്ത ആളുകൾക്കായിരിക്കും. സൈക്കിൾ ക്ലബ് മുന്നോട്ടുവയ്ക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചില്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കും. അംഗത്വമെടുക്കുന്നതിന് പേര്, വിലാസം, ഇ-മെയിൽ വിലാസം, ജോലി എന്നിവ വ്യക്തമാക്കി 9645511155 എന്ന നമ്പറിലേക്കാണ് സന്ദേശമയക്കേണ്ടത്. വരും നാളുകളിൽ മെട്രോ സ്റ്റേഷനുകളുടെ സമീപത്തെല്ലാം റാക്കുകൾ സ്ഥാപിക്കാനായി ഊന്നു നീക്കം.